# പട്ടിണിമരണം തുടർക്കഥ പൊതുവിചാരണയുമായി ഗ്രാമവാസികൾ

**കേരളീയം ന്യൂസ് സർവ്വീസ്**

വിശപ്പിനും ദാരിദ്ര്യത്തിനുമെതിരെ പൊതുവിചാരണ. ഝാർഖണ്ഡിലെ മനാതുവിലാണ് ആയിരക്കണക്കിനു പട്ടിണിക്കാർ പൊതുവിചാരണക്കായി തടിച്ചുകൂടിയത്. ഗ്രാംസ്വരാജ്, അടിയാൻ, റൈറ്റ് ടു ഫുഡ് കാമ്പയിൻ എന്നീ സന്നദ്ധസംഘടനകളാണ് പൊതുവിചാരണ സംഘടിപ്പിച്ചത്.

ഝാർഖണ്ഡിലെ വിവിധ ഗ്രാമങ്ങളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന പട്ടിണിമരണങ്ങളുടെ പശ്ചാത്തലത്തിലായിരുന്നു വിചാരണ. പൊതു വിചാരണ നടത്താൻ തീരുമാനിച്ചിരുന്ന ബ്ലോക്കിനു പുറത്തുനിന്നും നൂറുകണക്കിനു പേർ കേട്ടറിഞ്ഞെത്തി. ആദിവാസികളും ദളിതരും മുസ്ലീംകളുമായിരുന്നു അവർ. പലപ്രാവശ്യം മൈക്കിലൂടെ ആവശ്യപ്പെട്ടതിനുശേഷമാണ് ബ്ലോക്ക് ഓഫീസർ വേദിയിലെത്തിയത്. ജനങ്ങൾ നിരത്തിയ ആവശ്യങ്ങളുടെ നീണ്ടപട്ടികയോട് നനഞ്ഞ മട്ടിൽ അദ്ദേഹം നടത്തിയ പ്രതികരണം ആരെയും തൃപ്തിപ്പെടുത്തിയില്ല.

തൊട്ടടുത്തുള്ള മളോളി ഗ്രാമത്തിൽ തലേന്നു രാത്രി നടന്ന പട്ടിണി മരണത്തിന്റെ വാർത്ത കേട്ടുകൊണ്ടാണ് വിചാരണ പിരിഞ്ഞത്.

വിചാരണക്കുമുമ്പ് ഈ സംഘടനകൾ സമീപപ്രദേശത്തുള്ള ഗ്രാമങ്ങളിൽ സർവ്വേ നടത്തിയിരുന്നു. അതിൽ 17 ഗ്രാമങ്ങളിൽ മാത്രമേ പ്രൈമറി സ്കൂളുകളുള്ളൂ. അതിൽ ഒമ്പതു സ്കൂളുകൾ ഒരു വർഷത്തിലേറെയായി അടഞ്ഞു കിടക്കുന്നു. അഞ്ചെണ്ണം ഏകാധ്യാപക വിദ്യാലയങ്ങളാണ്. പക്ഷെ നാട്ടുകാർക്കിതിൽ ഒരു പരാതിയുമില്ല. കാരണം ജീവൻ നിലനിർത്താനുള്ള ഭക്ഷണത്തിന്റെ കാര്യം കഴിഞ്ഞല്ലേ പഠനമുള്ളൂ. കസുമതന്ത് പോലുള്ള ഈ ഗ്രാമങ്ങളിൽ മിക്കവരും അർദ്ധപട്ടിണിക്കാരാണ്- (അല്ലാത്തവർ മുഴുപട്ടിണി). വല്ലപ്പോഴും ലഭിക്കുന്ന നുറുങ്ങരി കൊണ്ടൊന്നുമാകില്ല. ഒറീസയിലെ ആദിവാസികൾ മാങ്ങയണ്ടിയാണ് പുഴുങ്ങി തിന്നിരുന്നതെങ്കിൽ കാട്ടുവേരുകളും പച്ചിലകളുമാണ് ജീവൻ നിലനിർത്താൻ ഇവർ തിന്നുന്നത്. വളരെ മലിനീകരിക്കപ്പെട്ട വെള്ളമാണിവർ കുടിക്കുന്നത്. ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്കോ അന്ത്യോദയ ലിസ്റ്റിൽ പെട്ടവർക്കോ പോലും റേഷൻ ഭക്ഷ്യധാന്യങ്ങൾ അരിയായി കിട്ടുന്നില്ല. കിട്ടുന്നവക്ക് ഉയർന്നവിലയും കടക്കാർ ഈടാക്കുന്നു.

ധീരുഭായ് അംബാനിയുടെ വളർത്തുപട്ടിക്കോ അബ്ദുൾകലാമിന്റെ ബാർബർഷാപ്പിനോ ശേഷം സ്ഥലമേറെയില്ലാത്തതിനാൽ ഈ വാർത്തകൾ നമ്മുടെ പത്രങ്ങൾ വിട്ടുകളയുന്നുവെന്നു മാത്രം.